**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം. ഡിഎ1/334/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28/12/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രത്യേകഘടകപദ്ധതി (SCSP) പദ്ധതി - പട്ടികവികസന ഓഫീസർമാർ ഇല്ലാത്ത നഗരസഭകളിൽ സമീപ ബ്ലോക്കിലെ SCDO മാർ നിർവ്വഹണം നടത്തുന്നത് - സംബന്ധിച്ച്.

സൂചന:-

1. 12.12.2017 ലെ ഡിഎ1 /983/2017/തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.9

***********************

സൂചിത സർക്കുലർ പ്രകാരം പ്രത്യേകഘടകപദ്ധതി(SCSP) നിർവ്വഹണത്തിലെ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ പട്ടിക വികസന ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതുവരെ സമീപത്തുള്ള ബന്ധപ്പെട്ട ബ്ലോക്കിലെ (നേരത്തെ ചാർജ്ജുണ്ടായിരുന്ന) പട്ടികവികസന ഓഫീസർമാർ (SCDO) നിർവ്വഹണ ഉദ്യോഗസ്ഥരായി തുടരേണ്ടതാണെന്ന് 29.11.2017 - ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിരുന്നു. 2-12-2021 - ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ,ഇതിന് തുടർച്ചയായി ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- ഏതെങ്കിലും നഗരസഭകളിൽ SCDO മാർ ഇല്ലെങ്കിൽ അവിടേയും സമീപത്തുള്ള ബ്ലോക്കിലെ SCDO മാർ എസ്.സി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടതാണ്. ഇതിൽ SCDO മാർ വീഴ്ച വരുത്താൻ പാടുള്ളതല്ല.
- അനുയോജ്യമായതും നിർവ്വഹണം മറ്റ് ഉദ്യോഗസ്ഥരെ ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രോജക്ടുകൾ മാത്രമേ SCDO മാരെ ഏല്പിക്കാവൂ.
- ഓരോ നഗരസഭകളിലും ഇങ്ങനെ നിർവ്വഹണം നടത്തേണ്ട SCDO മാരെ നിശ്ചയിച്ച് പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ പ്രത്യേകമായി നിർദ്ദേശം നൽകേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 31-12-2021 10:51:22
Reason: Approved

സെക്ഷൻ ഓഫീസർ.